# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3714 — 25.06.2013 ൽ മറുപടിയ്ക്ക്

## 'സിമാറ്റി'ന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സി.ഐ.എം.എ.റ്റി (സിമാറ്റ്) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാന സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ എം.ബി.എ/എം.സി.എ കോഴ്സുകൾ നടത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിക്കപ്പെട്ട ഒരു ചാരിറ്റബിൾ ട്രസ്റ്റാണ് സീമാറ്റ്. എം.ബി.എ കോഴ്സ് നടത്തുകയാണ് സീമാറ്റ് ന്റെ പ്രധാന പ്രവർത്തനം. |
| (ബി) ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തി വരുന്നത്; | (ബി) എം.ബി.എ കോഴ്സാണ് ഇവിടെ നടന്നു വരുന്നത്. |
| (സി) ഈ കോഴ്സുകളുടെ പ്രവേശന മാനദണ്ഡവും ഫീസ് ഘടനയും വിശദമാക്കുമോ; | (സി) എം.ബി.എ കോഴ്സിന്റെ അഡ്മിഷന് കുറഞ്ഞത് 50% മാർക്കോടെയുള്ള ബിരുദവും MAT/CIMAT -Score ഉണ്ടായിരിക്കണം. അഭിമുഖം, ഗ്രൂപ്പ് ചർച്ച എന്നിവയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നൽകുന്നത്. 4 സെമസ്റ്റർ ആയാണ് കോഴ്സ് നടത്തുന്നത്. ട്യൂഷൻ ഫീസ് ജനറൽ കാറ്റഗറി വിഭാഗത്തിന് സെമസ്റ്ററിന് 35,000/- രൂപയും, സഹകരണ സംഘം ജീവനക്കാർ/ഭരണ സമിതി അംഗങ്ങളുടെ കുട്ടികൾക്ക് ഒരു സെമസ്റ്ററിന് 30,000/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഈ സ്ഥാപനം നിർത്തലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കുമോ; | (ഡി) യും (ഇ) യും | കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി (CIMAT) എന്ന സ്ഥാപനം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ല പ്രവർത്തിക്കുന്നത്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ ബാങ്കിംഗ് ഇതര ഇടപാടുകൾ നടത്തുവാൻ പാടില്ലായെന്ന് ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം നബാർഡ് നടത്തുന്ന പരിശോധന റിപ്പോർട്ടിൽ ന്യൂനതയായി പരാമർശിച്ചിട്ടുണ്ട്. ബാങ്കിന് സീമാറ്റുമായോ അതിന്റെ നടത്തിപ്പുകാരുമായോ ഏതൊരു വിധത്തിലുമുള്ള ബന്ധം തുടരുന്നത് ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ ലംഘനമായി തന്നെ കണക്കാക്കി നടപടിയെടുക്കുമെന്നുള്ള ഭാരതീയ റിസർവ് ബാങ്കിന്റെ പരോക്ഷമായ മുന്നറിയിപ്പിനെ തുടർന്ന്, ബാങ്ക് ഭരണ സമിതി ഇക്കാര്യം ചർച്ച ചെയ്യുകയും (CIMAT)നെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന് കൈമാറുന്നതിനുള്ള സാധ്യത ആരായുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ബാങ്കിന്റെ പരിശീലന കേന്ദ്രമായ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (SCSTI) ന് വേണ്ടി സ്ഥലം വാങ്ങിയതും ആയതിൽ കെട്ടിടം നിർമ്മാണം നടത്തിയതും എൻ.സി.ഡി.സി. ധനസഹായത്തോടെ ആയതിനാൽ ടി സ്ഥലത്ത് പ്രവർത്തിക്കുന്ന (CIMAT) നെ കൈമാറ്റം ചെയ്യാൻ പാടില്ലായെന്ന് NCDC അറിയിച്ചതിനെ തുടർന്ന് സീമാറ്റിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതും 2014 ജൂൺ മാസം കാലാവധി അവസാനിക്കുന്നതുമായ എം.ബി.എ കോഴ്സ് ടി തീയതി മുതൽ അവസാനിപ്പിക്കുന്നതിനും (CIMAT) എന്ന സ്ഥാപനം ACSTI യുടെ ഭാഗമാക്കി മാറ്റുന്നതിനും ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥാപനം നിർത്തലാക്കിയാൽ ഇവിടുത്തെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് അറിയിക്കുമോ? | | |

ജീവനക്കാരെ പുനർവിന്യസിക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് തീരുമാനം കൈക്കൊള്ളേണ്ടത്.

സെക്ഷൻ ഓഫീസർ